447/est/19

## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - ജീവനക്കാരുടെ ലഭ്യമായ വിവരങ്ങൾ പരിശോധിക്കുന്നത് - സംബന്ധിച്ച്

സൂചന : 1) ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പിന്റെ 07.08.2018-ലെ 73/18/ധന നമ്പർ സർക്കുലർ
2) ഈ ഓഫീസിലെ 05.09.2018-ലെ ഇതേ നമ്പർ സർക്കുലർ
3) ഈ ഓഫീസിലെ 11.01.2019-ലെ ഇതേ നമ്പർ സർക്കുലർ
4) ഈ ഓഫീസിലെ 22.02.2019-ലെ ഇതേ നമ്പർ സർക്കുലർ
5) ഈ ഓഫീസിലെ 11.03.2019 - ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നം. ഇ17-10215/2018/സിഇ/തസ്വഭവ, തീയതി: 16.03.2019

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, ടി പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം ഈ ഓഫീസിലെ സൂചന (2), (3), (4) സർക്കുലറുകൾ പ്രകാരം ഈ വകുപ്പിന് കീഴിലെ ജീവനക്കാരുടെ ലഭ്യമായ ആരോഗ്യ ഇൻഷ്വറൻസ് (MEDISEP) വിവരങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പുതുതായി സർവീസിൽ പ്രവേശിച്ച ജീവനക്കാരെയും ഇതിൽ ചേരാൻ വിട്ടുപോയ ജീവനക്കാരെയും ടി പദ്ധതിയിൽ ചേർക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടി വിവരങ്ങൾ സർക്കാർ പരിശോധിച്ച് ജീവനക്കാർക്ക് MEDISEP ID നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. ടി വിവരങ്ങൾ MEDISEP-ന്റെ ഔദ്യോഗിക വെബ് സൈറ്റിൽ verify ചെയ്യുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന് താഴെപ്പറയുന്നവരെ ടി പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ടി ഓഫീസിന്റെയും അതിന് കീഴിലുള്ള ഓഫീസിലെയും നോഡൽ ഓഫീസർമാർമാരായി സൂചന (5) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ ക്രമ നം. 15 & 16 യഥാക്രമം കോട്ടയം, ഇടുക്കി ഡിവിഷനുകൾ എന്നാണ് രേഖപ്പെടുത്തിയിരുന്നത് ആയത് ഇടുക്കി, കോട്ടയം ഡിവിഷനുകൾ എന്ന് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് : ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

കുറിപ്പ് : ഈ വിഷയത്തിൻമേൽ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ വകുപ്പുതല നോഡൽ ഓഫീസറെ ബന്ധപ്പെടേണ്ടതാണ്.